സി.ബി.(1)34512/2006.

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം,തീയതി: 13-04-2007.

## സർക്കുലർ നമ്പർ.26/2007

വിഷയം : സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് പരമാവധി പലിശ നിരക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച്

സൂചന : 1.ഈ ആഫീസിലെ 5-2-2007 ലെ 10/07, 26-2-2007 ലെ 19/07, 21/07 എന്നീ നമ്പർ സർക്കുലറുകൾ

2.ഈആഫീസിലെ29-3-2007ലെസി.ജി.(1)5770/ 2007 നമ്പർ കത്ത്.

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിവിധതരം സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശനിരക്കുകൾ 5.2.2007 മുതൽ പുതുക്കി നിശ്ചയിച്ച് 10/07 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 01-03-2007 മുതൽ 31-03-2007 വരെ കാലയളവിൽ 28-ാമത് നിക്ഷേപസമാഹരണ യജ്ഞം നടക്കുന്നതിനാൽ ടി കാലയളവിൽ സ്വരൂപിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ നിശ്ചയിച്ച് 19/07, 21/07 എന്നീ നമ്പർ സർക്കുലർ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിക്ഷേപ സമാഹരണ യജ്ഞം 16-04-2007 വരെ ദീർഘിപ്പിച്ചിട്ടുള്ളതിനാൽ 19/07, 21/07 എന്നീ നമ്പർ സർക്കുലർ പ്രകാരമുള്ള പലിശ നിരക്ക് നിർദ്ദേശങ്ങൾക്ക്പ്രാബല്യം 16-04-2007 വരെ ദീർഘിപ്പിച്ച് സൂചന രണ്ടു പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

നിക്ഷേപവായ്പാമേഖലയിൽപ്രവർത്തിക്കുന്ന ഇതരബാങ്കുകൾ/സ്ഥാപനങ്ങൾ 31-03-2007-ന് ശേഷവും ഉയർന്ന പലിശ നിരക്കുകൾക്ക് പ്രാബല്യം നൽകിയിരിക്കുന്നതിനാൽ 19/07,21/07 എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കുകൾ 16-04-2007 - ന് ശേഷവും ഇനി പുതുക്കി നിശ്ചയിക്കുന്നതു വരെ സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകൾസ്വീകരിക്കുന്നനിക്ഷേപങ്ങൾക്ക് ബാധകമായിരിക്കുന്നതാണ്.

ഒപ്പ്/-
സഹകരണ സംഘം രജിസ്ട്രാർ (ഇൻ-ചാർജ്ജ്)

1. മാനേജിംഗ് ഡയറക്ടർ,സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
3. എല്ലാസഹകരണസംഘംജോയിൻറ്രജിസ്ട്രാർ(ജനറൽ/ ആഡിറ്റ്)മാർക്കും
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)

പകർപ്പ് :
1. എല്ലാസഹകരണസംഘംഅസിസ്റ്റൻറ്രജിസ്ട്രാർ(ജനറൽ/ ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
2. എല്ലാ സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
3. ഈ ആഫീസിലെ എല്ലാ ഓഫീസർമാർക്കും
4. ഇരിപ്പ് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

സഹകരണ സംഘം രജിസ്ട്രാർക്ക് വേണ്ടി